V. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി യുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട്

Shri M.M. Hassan: Sir I present the Twenty-seventh Report of the Committee on Private Member's Bills and Resolutions.

VI. നിയമനിർമ്മാണകാര്യം

1. വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ

(ചർച്ച തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ: വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരളാ ബിൽ ശ്രീ. മണിമംഗലത്ത് കുട്ട്യാലിക്ക് പ്രസംഗം തുടരാവുന്നതാണ്..... ഓർഡർ, ഓർഡർ. ഇന്ന് രണ്ട് ബില്ലുകളും ചർച്ചയ്ക്ക് എടുക്കാനുണ്ട്. ഈ ബില്ലുകളും 12.50-ന് സബ്ജക്ട് കമ്മിറ്റിക്ക് വിടേണ്ടതാണ്. അതുകൊണ്ട് മെമ്പർ വളരെ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: സർ, രണ്ടു പ്രാവശ്യമായി എന്റെ പ്രസംഗം പൂർത്തിയാക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇന്ന് വീണ്ടും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഇടപെട്ടുകൊണ്ട് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. മരങ്ങളും മരങ്ങളുടെ ചരിത്രവും, മരങ്ങളും മനുഷ്യരും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച് മുഗൾ ചക്രവർത്തിയായ ഔറംഗസീബ് ചക്രവർത്തി കാണിച്ച ഒരുവലിയ മഹത്തായ കഥ പറഞ്ഞുകൊണ്ടാണ് അന്നത്തെ പ്രസംഗം അവസാനിപ്പിക്കേണ്ടിവന്നത്. സർ, നമ്മുടെ സംസ്ക്കാരം തന്നെ ഒരു അരണ്യസംസ്ക്കാരമാണ്. ഇൻഡ്യാ രാജ്യത്തിന്റെ സംസ്ക്കാരം അരണ്യവുമായി, മരവുമായി ബന്ധപ്പെട്ട സംസ്ക്കാരമാണ്. ജീവിതത്തിൽ ഒരു ആൽവൃക്ഷമെങ്കിലും വച്ചു പിടിപ്പിച്ചു കഴിഞ്ഞാൽ സ്വർഗ്ഗം കിട്ടുമെന്ന് വിശ്വസിക്കുന്ന ആളുകളാണ് ഇൻഡ്യാരാജ്യത്തിലെ ജനങ്ങൾ. സ്ത്രീകൾക്ക് സന്താനസൗഭാഗ്യമുണ്ടാകണമെങ്കിൽ വൃക്ഷങ്ങൾക്ക് നൈവേദ്യം കൊടുത്താൽ മതിയെന്ന് വിശ്വസിക്കുന്ന സ്ത്രീകളാണ് ഇൻഡ്യയിലുള്ളത്. ആ ജനതയോട് മരം മുറിക്കരുത് എന്ന് പറയേണ്ടി വന്നതുതന്നെ വളരെ ദുഃഖകരമാണ്. ഇൻഡ്യയിലെ പ്രിയപ്പെട്ട പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ ഒരിക്കൽ പറയുകയുണ്ടായി, "നല്ല ആരോഗ്യത്തോടുകൂടി നിൽക്കുന്ന ഒരു മരം മുറിക്കുന്നത് കാണുമ്പോൾ അതു എന്നെ വേദനിപ്പിക്കുന്നു. ഒരു മനുഷ്യന്റെ ശിരച്ഛേദം ചെയ്യുന്നതുപോലെയാണ് എനിക്ക് അത് അനുഭവപ്പെടുന്നത്. അത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവർ ആരായിരുന്നാലും ശരി ഏത് കഠിനശിക്ഷ അവർക്കു കൊടുത്താലും ശരി അത് തെറ്റായി പോകുകയില്ലെന്നാണ് എന്റെ അഭിപ്രായം." എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറയുകയുണ്ടായി. അതുപോലെ തന്നെ മരത്തിന്റെ മനോഹാരിതയെ സംബന്ധിച്ച് പ്രസംഗിക്കുകയും പാടുകയും ചെയ്ത നിരവധി കവികളെ നമുക്കറിയാം. "മരച്ചില്ലയെ ഉലച്ചുകൊണ്ട് ഒരു കൊച്ചു മന്ദമാരുതനുവേണ്ടി ആയിരം സംവൽസരം കാത്തിരിക്കാൻ തയ്യാറാണെന്ന്" പ്രശസ്തനായ കവി ഒമർഖയാം രേഖപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly